**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2027** **09-12-2022 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ സ്കൂൾ അധ്യാപകർക്ക് കുടിശ്ശിക വേതനം നല്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സവിശേഷ വിദ്യാഭ്യാസവും പരിശീലനവും നൽകുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് നൽകുന്ന പാക്കേജ് വിശദമാക്കാമോ; ആയതിന്റെ നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ; | (എ) | **ബൗദ്ധികവും, വികാസപരവുമായ വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്കായി വിദ്യാഭ്യാസ വകുപ്പിന്റെയും സാമൂഹ്യ നീതി വകുപ്പിന്റെയും അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് 10 വർഷത്തോളമായി പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ശീർഷകത്തിൽ നിന്നും വർഷം തോറും ധനസഹായം അനുവദിച്ച് വരുന്നു. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പ്രവർത്തിക്കുന്ന സർക്കാർ/സ്വകാര്യ മേഖലയിലെ സ്കൂളുകളിലെ ഭൗതികവും, അക്കാദമികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27.11.2017 ന് ചേർന്ന യോഗത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് കൂടുതൽ കരുതൽ, ജാഗ്രത, സംരക്ഷണം, പരിചരണം എന്നിവ ഉറപ്പു വരുത്തുകയും അവരുടെ ആവശ്യകതകൾ എന്തൊക്കെയാണെന്നും ഏത് അളവിൽ ഇവയ്ക്ക് മുൻഗണന നൽകണമെന്നുള്ളതും സുപ്രധാന ചർച്ചാ വിഷയമാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ സ്കൂളുകൾക്കായി ഒരു സമഗ്ര പാക്കേജ് നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിക്കുകയുമുണ്ടായി.**<br><br>**30.08.2019 തീയതിയിലെ സ.ഉ.(കൈ)നം.133/2019/പൊ.വി.വ, 31.03.2020-ലെ സ.ഉ.(സാധാ)നം. 1449/2020/പൊ.വി.വ എന്നീ ഉത്തരവുകൾ പ്രകാരം പാക്കേജിനായി മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവുകളിൽ സ്കൂളുകൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ, ജീവനക്കാർക്ക് വേണ്ട യോഗ്യതകൾ, അനുവദിക്കപ്പെടുന്ന തസ്തികകൾ, കുട്ടികളുടെ എണ്ണം, സ്കൂളുകൾ നൽകുന്ന സേവനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സ്കൂളുകളെ എ, ബി,** |

| | | | |
|---|---|---|---|
| | | | **സി, ഡി ഗ്രേഡുകളായി തിരിച്ചുകൊണ്ട് സ്പെഷ്യൽ പാക്കേജിനുവേണ്ടിയുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിരുന്നു.**<br><br>**2019-20 ൽ സംസ്ഥാന ബജറ്റിൽ സന്നദ്ധ സംഘടനകളും മറ്റും നടത്തുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് ധനസഹായമായി 40 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽ 38,46,54,612/- രൂപ 213 സ്കൂളുകൾക്ക് അനുവദിച്ച് നൽകി. 2020-21-ൽ 37,69,85,750/-രൂപ 317 സ്കൂളുകൾക്ക് അനുവദിച്ച് നൽകിയിരുന്നു. 2021-22 വർഷം 21,93,69,050/- രൂപ 314 സ്കൂളുകൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. 2022-23 വർഷം 45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.** |
| (ബി) | 2015 -ന് ശേഷം നിയമിക്കപ്പെട്ട സ്പെഷ്യൽ സ്കൂൾ അധ്യാപകർക്ക് ബിരുദം വേണമെന്ന് നിഷ്കർഷിക്കുന്ന റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിയമത്തിന് വിരുദ്ധമായ ഉത്തരവ് പിൻവലിക്കാൻ സർക്കാർ തയ്യാറാകുമോ; | (ബി) | സ്പെഷ്യൽ സ്കൂൾ പാക്കേജുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകൾ പുനപരിശോധിച്ച് നിബന്ധനകൾ പുതുക്കി നിശ്ചയിക്കുന്നതിനായി 16.08.2022 തീയതിയിൽ സർക്കാർ ഉത്തരവ് (സാധാ)നം. 4824/2022/പൊ.വി.വ പ്രകാരം ഒരു സ്പെഷ്യൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരുടെ യോഗ്യത സംബന്ധിച്ചുള്ള വിഷയവും പ്രസ്തുത കമ്മിറ്റിയുടെ പരിഗണനാ വിഷയമാണ്. |
| (സി) | സ്പെഷ്യൽ സ്കൂൾ അധ്യാപകർക്ക് നൽകുവാനുള്ള കുടിശ്ശിക വേതനം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ; | (സി) | പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകർക്ക് നേരിട്ട് വേതനം നൽകുന്നില്ല. സ്പെഷ്യൽ സ്കൂൾ പാക്കേജിന് അർഹമായ സ്കൂളുകളുടെ മാനേജർമാർക്ക് ഗ്രാന്റ് എന്ന നിലയിലാണ് ധനസഹായം നൽകുന്നത്. ജീവനക്കാരുടെ വേതനം മാനദണ്ഡങ്ങൾക്കനുസൃതമായി മാനേജരാണ് നൽകേണ്ടത്.<br><br>കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സ്പെഷ്യൽ സ്കൂളുകൾ 2021 ജൂൺ മുതൽ നവംബർ 30 വരെ തുറന്ന് പ്രവർത്തിച്ചിട്ടില്ല. ഡിസംബർ 2021 മുതലാണ് പ്രവർത്തനം ആരംഭിച്ചത്.<br><br>2021-22 സാമ്പത്തിക വർഷം സ്പെഷ്യൽ സ്കൂൾ പാക്കേജ് പ്രകാരമുള്ള ധനസഹായമായി 22 കോടി രൂപയുടെ ഭരണാനുമതി നൽകിയത്. പ്ലാൻ ശീർഷകം മുഖേന ലഭ്യമായ പ്രസ്തുത 22 കോടി രൂപയിൽ നിന്നും ജീവനക്കാർക്ക് 5 മാസത്തെ ഹോണറേറിയം, വിദ്യാർത്ഥികൾക്ക് യൂണിഫോമിനായി 1000/- രൂപ വീതവും, 300/- രൂപ വീതം 3 മാസത്തെ കണ്ടിജൻസി തുകയും വിതരണം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | |
| (ഡി) | എല്ലാ സ്കൂളുകളിലും തെറാപ്പിസ്റ്റുകളുടെ തസ്തിക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; മാനസിക വെല്ലുവിളി നേരിടുന്ന പതിനെട്ട് വയസ്സ് കഴിഞ്ഞവർക്ക് മതിയായ തൊഴിൽ പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | സ്പെഷ്യൽ സ്കൂൾ പാക്കേജുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകൾ പുനപരിശോധിച്ച് നിബന്ധനകൾ പുതുക്കി നിശ്ചയിക്കുന്നതിനായി 16.08.2022 തീയതിയിൽ സർക്കാർ ഉത്തരവ് (സാധാ)നം. 4824/2022/പൊ.വി.വ പ്രകാരം ഒരു സ്പെഷ്യൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ച ശേഷം പരിശോധിക്കുന്നതാണ്. |
| (ഇ) | സ്പെഷ്യൽ സ്കൂളുകൾക്ക് അശാസ്ത്രീയമായ ഗ്രേഡിംഗ് കൊണ്ടുവരുകയും അതിലെ ന്യൂനതകൾ ഇനിയും പരിഹരിക്കാൻ പറ്റാത്തതുമായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് മാർഗ്ഗ നിർദ്ദേശമാണ് ഉണ്ടായിരിക്കുന്നതെന്ന് വിശദമാക്കാമോ? | (ഇ) | സ്പെഷ്യൽ സ്കൂൾ പാക്കേജുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകൾ പുനപരിശോധിച്ച് നിബന്ധനകൾ പുതുക്കി നിശ്ചയിക്കുന്നതിനായി 16.08.2022 തീയതിയിൽ സർക്കാർ ഉത്തരവ് (സാധാ)നം. 4824/2022/പൊ.വി.വ പ്രകാരം ഒരു സ്പെഷ്യൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ച ശേഷം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ